**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *80 **30.06.2016-**ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്കായി ഭൂരഹിത-ഭവന രഹിത-പുനരധിവാസ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി സി.കെ. ആശ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾക്കായി ഭൂരഹിത-ഭവന രഹിത- പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. 1989 -ലാണ് ഈ പദ്ധതി നിലവിൽ വന്നത്. |
| (ബി) | ഈ പദ്ധതിയുടെ മറവിൽ കോളനികൾ സ്ഥാപിക്കാനുള്ള നീക്കം നടക്കുന്നുണ്ടോ; പട്ടികജാതി വിഭാഗങ്ങളെ ഇനിയും കോളനിവല്ക്കരിക്കരുതെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; | (ബി) | കോളനികൾ സ്ഥാപിക്കുന്നതിന് സർക്കാർ പ്രത്യേകിച്ച് നീക്കങ്ങളൊന്നും നടത്തുന്നില്ല. പട്ടികജാതി വിഭാഗങ്ങളെ ഇനിയും കോളനിവല്ക്കരിക്കരുതെന്നതിന് സർക്കാർ ഉത്തരവ് നിലവിലില്ല. |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി തട്ടിപ്പുകൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഭൂമി വാങ്ങി ഉയർന്ന വിലയ്ക്ക് വിൽക്കുന്ന ഇടനിലക്കാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ ജില്ലാ / ബ്ലോക്ക് തല ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ